**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1124

20.03.2012-ൽ
മറുപടി നൽകേണ്ടിയിരുന്നത്

## അങ്കമാലി നിയോജക മണ്ഡലത്തിൽ പട്ടയം നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

**ചോദ്യം**

ശ്രീ.ജോസ് തെറ്റയിൽ

(എ)അങ്കമാലി നിയോജക മണ്ഡലത്തിൽ അയ്യമ്പുഴ പഞ്ചായത്തിലെ ചാത്തക്കുളം, കാരേക്കാട്ട്, കടുകുളങ്ങര, കണ്ണിമംഗലം തുടങ്ങിയ പ്രദേശങ്ങളിൽ വർഷങ്ങളായി വനഭൂമി കൈവശം വച്ച് താമസിക്കുന്ന പട്ടിക ജാതിക്കാർ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിലെ കാലതാമസം വിശദമാക്കാമോ;

(ബി)വനം, റവന്യൂ എന്നീ വകുപ്പുകൾ ഇത് സംബന്ധിച്ച് നടത്തുന്ന സംയുക്ത സർവ്വേകളുടെ നിജസ്ഥിതി വ്യക്തമാക്കുമോ;

(സി) ഈ പ്രദേശത്തുകാർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നടപടിയിലിരിക്കുന്ന ഫയലുകൾ ഏതെല്ലാമെന്നും ഈ ഫയലുകളുടെ നിജസ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

**മറുപടി**

ശ്രീ.അടൂർ പ്രകാശ്
(റവന്യൂ വകുപ്പു മന്ത്രി)

(എ) യും (ബി)യും
അങ്കമാലി നിയോജക മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് റവന്യൂ, വനം വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്ന തിനായി തയ്യാറാക്കിയ 145 പേരുടെ ലിസ്റ്റിൽ പരിഗണിക്കാവുന്നതാണെന്ന് അഭിപ്രായം രേഖപ്പെടുത്തിയ 9.5177 ഹെക്ടർ വിസ്തീർണ്ണമുള്ള വനഭൂമി പതിച്ചു നൽകുന്നതിനായി കേന്ദ്രാനുമതി ലഭ്യമാക്കുന്നതിന് ഓരോ കൈവശവും അനുസരിച്ച് മാപ്പ് തയ്യാറാക്കിവരുന്നു. കേന്ദ്രാനുമതി ലഭ്യമായാലേ പട്ടയം നൽകുവാൻ കഴിയുകയുള്ളൂ.

(സി) ഈ വിഷയം കൈകാര്യം ചെയ്യുന്നത് എറണാകുളം ജില്ലാ കളക്ടറേറ്റിലെ L8-72186/89 നമ്പർ ഫയലിലും, ആലുവ താലൂക്ക് ഓഫീസിലെ H4-812/2001 നമ്പർ ഫയലിലുമാണ്. ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ ഫയൽ നടപടിയിലില്ല.

സെക്ഷൻ ഓഫീസർ